


# ദേശീയ ഗ്രാമീണ ഉപജീവന ദൗത്യത്തിന്റെ ഭാഗമായി നാല് സംസ്ഥാനങ്ങളിൽ പുതിയ പരിശീലന പദ്ധതി നടപ്പിലാക്കാൻ കുടുംബശ്രീ

കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ ലോക ബാങ്കിന്റെ സഹായത്തോടെ നാഷണൽ റൂറൽ എക്കണോമിക് ട്രാൻസ്ഫർമേഷൻ പ്രോജക്ട് (എൻ.ആർ.ഇ.ടി.പി) വിവിധ സംസ്ഥാനങ്ങളിൽ നടപ്പിലാക്കി വരുന്നു. സംരംഭ മാതൃക ഉയർന്നതലത്തിൽ കൊണ്ടുവരികയെന്നതാണ് ഈ പ്രോജക്ടിന്റെ ലക്ഷ്യം. ഈ പ്രോജക്ടിന്റെ ഭാഗമായി സംരംഭങ്ങളുടെ ബിസിനസ് വർദ്ധിപ്പിക്കാനായി നിയമിക്കുന്ന ബിസിനസ് ഡെവലപ്പ്മെന്റ് സപ്പോർട്ട് പ്രൊവൈഡേഴ്സിന് (ബി.ഡി.എസ്.പി) പരിശീലനം നൽകാൻ സാധിക്കുമോയെന്ന് കുടുംബശ്രീയോട് ചോദിക്കുകയുണ്ടായി. പരിശീലനത്തിനുള്ള മൊഡ്യൂൾ തയാറാക്കി ഉചിതമായ രീതിയിൽ അവരുടെ കാര്യശേഷി വർദ്ധിപ്പിക്കുകയെന്നതായിരുന്നു ലക്ഷ്യം. സ്റ്റാർട്ടപ്പ് വില്ലേജ് എന്റർപ്രണർഷിപ്പ് പ്രോജക്ടിന്റെ ഭാഗമായി വിവിധ സംസ്ഥാനങ്ങളിലെ കമ്മ്യൂണിറ്റി റിസോഴ്സ് പേഴ്സൺമാർക്ക് കുടുംബശ്രീ പരിശീലനം നൽകുകയുണ്ടായി. എസ്.വി.ഇ.പി പ്രോജക്ടിന്റെ മാതൃകയിലാണ് എൻ.ആർ.ഇ.ടി.പി എന്നതിനാൽ കമ്മ്യൂണിറ്റി റിസോഴ്സ് പേഴ്സൺമാർക്ക് പരിശീലനം നൽകയതിന്റെ അനുഭവജ്ഞാനത്തിൽ കുടുംബശ്രീയ്ക്ക് ബി.ഡി.എസ്.പിമാർക്ക് പരിശീലനം നൽകാൻ കഴിയുമോയെന്നായിരുന്നു അന്വേഷണം. ഈ ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ ദേശീയ ഗ്രാമീണ ഉപജീവന ദൗത്യവുമായി (എൻ.ആർ.എൽ.എം) കുടുംബശ്രീ കരാറിലൊപ്പുവച്ചു.

എസ്.വി.ഇ.പിയിലെ കമ്മ്യൂണിറ്റി റിസോഴ്സ് പേഴ്സൺമാരുടെ പ്രവർത്തനത്തേക്കാൾ കൂടുതൽ വ്യാപകമാണ് എൻ.ആർ.ഇ.ടി.പിയിലെ ബി.ഡി.എസ്.പിമാരുടെ പ്രവർത്തനം. അതിനാൽ തന്നെ ഇവർക്ക് കൂടുതൽ പരിശീലനം ആവശ്യമുണ്ട്. അതുകൊണ്ട് കമ്മ്യൂണിറ്റി റിസോഴ്സ് പേഴ്സൺമാർക്ക് നൽകുന്ന പരിശീലന മൊഡ്യൂൾ ബി.ഡി.എസ്.പിമാർക്കുള്ള പരിശീലനത്തിന്റെ അടിസ്ഥാന മൊഡ്യൂളാക്കി പരിഗണിക്കാനും, ഉയർന്ന നിലവാരത്തിലുള്ള കഴിവും കാര്യശേഷിയും നേടിക്കൊടുക്കാൻ വേണ്ടി ഗ്രോത്ത് മൊഡ്യൂൾ എന്ന രീതിയിൽ മറ്റൊരു പുതിയ പരിശീലന മൊഡ്യൂൾ കൂടി തയാറാക്കി ഇവർക്ക് പരിശീലനം നൽകാനുമാണ് ഞങ്ങൾ തയാറെടുക്കുന്നത്. അടിസ്ഥാന മൊഡ്യൂളും ഗ്രോത്ത് മൊഡ്യൂളും അടങ്ങിയ പരിശീലന പദ്ധതിയാകും എൻ.ആർ.എൽ.എമ്മിന്റെ നിർദ്ദേശ പ്രകാരം ബി.ഡി.എസ്.പിമാർക്ക് വേണ്ടി കുടുംബശ്രീ തയാറാക്കുകയെന്ന് ചുരുക്കം.

കോവിഡ് രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ പൂർണ്ണമായും ഓൺലൈൻ രീതി അവലംബിച്ച് ഈ പരിശീലനം നൽകാനാണ് നിർദ്ദേശം ലഭിച്ചിരിക്കുന്നത്. സംരംഭങ്ങൾക്ക് പിന്തുണയേകാനുള്ള മികച്ച കമ്മ്യൂണിറ്റി കേഡർമാരെ വാർത്തെടുക്കാനുള്ള ഒരു പരിശീലനം പൂർണ്ണമായും ഓൺലൈൻ രീതിയിലാക്കുകയെന്നത് കനത്ത വെല്ലുവിളിയാണ്. ആവശ്യമായ പരിശീലനവും നൈപുണ്യ വികസനവുമൊക്കെ ഓൺലൈനായി പരിശീലനാർത്ഥികൾക്ക് നൽകുന്നതിനായി ഒരു ലേണിങ് മാനേജ്മെന്റ് സിസ്റ്റം തയാറാക്കാനും ഞങ്ങൾ തീരുമാനിച്ചു. ഓൺലൈൻ ക്ലാസ്സുകൾക്ക് പുറമേ വിവിധ വിഷയങ്ങളിലുള്ള വീഡിയോകളും കേസ് സ്റ്റഡികളും പരിശീലനങ്ങളും ഉൾപ്പെടെയുള്ള വ്യത്യസ്ത പഠനസാമഗ്രികളും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഓൺലൈൻ ക്ലാസ്സുകൾക്കുപരിയായി ഈ പഠനസാമഗ്രികളും പിന്തുടർന്ന് പരിശീലനം മികച്ചതാക്കാനാണ് ഞങ്ങൾ ലക്ഷ്യമിടുന്നത്.

അസാം, ഛത്തിസ്ഗഢ്, രാജസ്ഥാൻ, മധ്യപ്രദേശ് എന്നീ നാല് സംസ്ഥാനങ്ങൾ എൻ.ആർ.ഇ.ടി.പിയുടെ ഭാഗമായി ബി.ഡി.എസ്.പിമാർക്കുള്ള പരിശീലനം നൽകാനായി ഇപ്പോൾ തന്നെ കുടുംബശ്രീയെ സമീപിച്ചു കഴിഞ്ഞു. എൻ.ആർ.എൽ.എമ്മിന്റെ ഭാഗമായുള്ള ഈ പരിശീലന മൊഡ്യൂളുകൾക്ക് അന്തിമ അംഗീകാരം ലഭിച്ചശേഷം നിലവിൽ താത്പര്യപൂർവ്വം ഞങ്ങളെ സമീപിച്ചിരിക്കുന്ന സംസ്ഥാനങ്ങളിലെ പരിശീലനത്തിന് തുടക്കം കുറിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കുടുംബശ്രീ നാഷണൽ റിസോഴ്സ് ഓർഗനൈസേഷന് (എൻ.ആർ.ഒ) ഒരിക്കൽക്കൂടി ഇങ്ങനെയൊരു മികച്ച അവസരം നൽകിയ കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിനും എൻ.ആർ.എൽ.എം. ടീമിനും ഞങ്ങളുടെ നന്ദി അറിയിക്കട്ടെ.